"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 2015 ലെ കെ.എം.സി.സി ചട്ടങ്ങൾ - കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിലെ മൂന്നാട് വില്ലേജിലെ റിസർവ്വെ നം. 715-ൽപ്പെട്ട സ്ഥലത്തെ അനധികൃത കരിങ്കൽ ഖനനം - ശ്രീ. സുകുമാരൻ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജി - തീർപ്പാക്കി ഉത്തരവാകുന്നു.

**വ്യവസായ വകുപ്പ്**

സ.ഉ.(സാധാ) നം.664/2026/ID തീയതി,തിരുവനന്തപുരം, 19-06-2026

പരാമർശം:-

1. കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റിന്റെ 24/9/2023 ലെ DOKAS-DMG/231/2023-M നമ്പർ നോട്ടീസ്
2. 16/2/2026 ലെ സ.ഉ (സാധാ) 152/2026-വ്യവ.
3. ശ്രീ. സുകുമാരൻ.കെ, പറയമ്പളം, മൂന്നാട് പി.ഒ, കാസറഗോഡ് സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജി.
4. ഡയറക്ടർ, മൈനിംഗ് & ജിയോളജിയുടെ 14/5/2026 ലെ ഡി.എംജി/641/2025-എം2 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിലെ മൂന്നാട് വില്ലേജിലെ റിസർവ്വെ നം. 715-ൽപ്പെട്ട സ്ഥലത്ത് നിന്നും അനധികൃതമായി 468 ക്യുബിക് മീറ്റർ കരിങ്കല്ല് ഖനനം ചെയ്ത് നീക്കം ചെയ്തതായി ജില്ലാ ജിയോളജി ആഫീസിൽ നിന്നുള്ള പരിശോധനയിൽ ബോധ്യപ്പെട്ടതിനെ തുടർന്ന് കെ.എം.എം.സി ചട്ടം 108(2) പ്രകാരം പെനാൽറ്റി തുകയായി 94,240/രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം കാസർഗോഡ് ജിയോളജിസ്റ്റ് നൽകിയ നോട്ടീസിനെതിരെ മേൽവസ്തുവിന്റെ കൈവശാവകാശിയായ ശ്രീ. സുകുമാരൻ. കെ ഒന്നാം അപ്പീൽ അധികാരിയ്ക്ക് സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷയിൽ, ഇതേ വിഷയത്തിൽ ഹർജിക്കാരൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) NO. 45460/2024 നമ്പർ കേസിൽ ബഹു. കോടതി പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ അപ്പീൽ അധികാരി 12/03/2025-ന് അപേക്ഷകനെ നേരിൽകേൾക്കുകയും, കുടിവെള്ള ആവശ്യത്തിനും വഴി സൗകര്യത്തിനും വേണ്ടിയാണ് കരിങ്കല്ല് ഖനനം നടത്തിയത് ഹർജിക്കക്ഷി വാദിക്കുന്നു എങ്കിൽക്കൂടി KMMC ചട്ടം പ്രകാരം റോയൽറ്റി ഒടുക്കി മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി കരസ്ഥമാക്കി മാത്രമേ കരിങ്കല്ല് ഖനനം നടത്തി നീക്കം ചെയ്യാവൂ എന്നിരിക്കെ, പെർമിറ്റില്ലാതെ നടത്തിയ ഖനനം അനധികൃത ഖനനമായി മാത്രമേ കണക്കാക്കാനാവൂ എന്നതിനാലും അനധികൃത ഖനനം നടത്തുന്നതായി മൂന്നാട് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്ത 28/12/2020 കാലയളവിൽ നിലവിലുണ്ടായിരുന്ന റോയൽറ്റി, വില എന്നിവയുടെ അടിസ്ഥാനത്തിലാണ് KMMC ചട്ടം 108(2) പ്രകാരം പെനാലിറ്റി കണക്കാക്കി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത് എന്നതിനാലും അപ്പീൽ കക്ഷിയുടെ വാദം അംഗീകരിക്കാനാവില്ല എന്നതിൽ സ്റ്റേ പെറ്റീഷൻ നിരസിച്ചുകൊണ്ടും ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തി, ആയതിന്റെ അടിസ്ഥാനത്തിലുള്ള തുക ഈടാക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും ഒന്നാം അപ്പീൽ അപേക്ഷ പരാമർശം (2) പ്രകാരം തീർപ്പാക്കിയിരുന്നു.

2) പരാമർശം(2) ഉത്തരവിനെതിരെ ശ്രീ. സുകുമാരൻ.കെ, രണ്ടാം അപ്പീൽ അധികാരി മുൻപാകെ പരാമർശം(3) പ്രകാരം അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപ്പീൽ അപേക്ഷയിൽ അപേക്ഷകനേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് രണ്ടാം അപ്പീൽ അധികാരി 23/4/2026 നടത്തിയ ഹയറിങ്ങിൽ ഹർജിക്കക്ഷിക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ്, സ്ഥലപരിശോധനയും അതിനുബന്ധമായ നടപടിക്രമങ്ങളും സംബന്ധിച്ച് ജില്ലാ ജിയോളജിസ്റ്റ് അറിയിപ്പ് നൽകിയിരുന്നില്ലായെന്നും ഒന്നാം അപ്പീൽ അപേക്ഷയിൽ തെളിവുകൾ

യഥാവിധി പരിഗണിയ്ക്കപ്പെട്ടില്ല എന്നും കെ.എം.സി.സി ചട്ടം 104 പരിഗണിച്ചില്ല എന്നും ബോധിപ്പിച്ചു. എന്നാൽ എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കപ്പെട്ടിരുന്നതായി ജില്ലാ ജിയോളസ്റ്റ് അറിയിച്ചു.

3) ഹർജിവിഷയം വിശദമായി പരിശോധിച്ചു. കരിങ്കല്ല്, ഖനനം നടത്തി നീക്കം ചെയ്യണമെങ്കിൽ 2015 ലെ കേരള മൈനർ മിൻറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം റോയൽറ്റി ഒടുക്കി മൈനിങ് ആന്റ് ജിയോളജി ആഫീസിന്റെ അനുമതി കരസ്ഥമാക്കേണ്ടതുണ്ട്. അനുമതി കൂടാതെയാണ് കരിങ്കല്ല് ഖനനം ചെയ്തതെന്ന് ടിയാൻ അംഗീകരിക്കുകയും ചെയ്യുന്നുണ്ട്. 28/12/2020 കാലയളവിൽ നിലവിലുണ്ടായിരുന്ന റോയൽറ്റി, വില എന്നിവയുടെ അടിസ്ഥാത്തിലാണ് KMMC ചട്ടം 108(2) പ്രകാരം പെനാൽറ്റി കണക്കാക്കി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാണ്. കെ.എംഎം.സി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് ഡിമാന്റ് നോട്ടീസ് നൽകിയട്ടുള്ളതെന്ന് ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സ്റ്റേ പെറ്റീഷൻ നിരസിച്ചുകൊണ്ടും പരാമർശം(1) ഡിമാന്റ് നോട്ടീസ് നിലനിർത്തിക്കൊണ്ട് ആയതിന്റെ അടിസ്ഥാനത്തിലുള്ള തുക ഈടാക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകി പുറപ്പെടുവിച്ച പരാമർശം(2) ഉത്തരവ് ശരിവച്ചും ശ്രീ. സുകുമാരൻ പരാമർശം (3) പ്രകാരം സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ സുകുമാരൻ കെ. S/o അപ്പക്കുഞ്ഞി, പറയമ്പള്ളം, മുന്നാട് പി.ഒ., കാസറഗോഡ്
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഈ) തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഒഫീസ് കോപ്പി (എ4/163/2026-വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha B
സെക്ഷൻ ഓഫീസർ
Date: 23-06-2026 16:15:55